പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 319 — 11.06.2013 ൽ മറുപടിക്ക്

# ഊർജ്ജ മേഖലയിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജ മേഖലയിൽ നടപ്പ് വർഷം ഏതെല്ലാം പദ്ധതികളാണ് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി)<br><br>കെ.എസ്.ഇ.ബി 7.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി ഈ വർഷം കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 22.63 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ സാധിക്കും. IPP പദ്ധതിയായി 15 മെഗാവാട്ടിന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയും പാലക്കാട് ജില്ലാപഞ്ചായത്തിന്റെ 3 മെഗാ വാട്ടിന്റെ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികളിൽ നിന്നും യഥാക്രമം (i) 65 Mu ഉം (ii) 7 Mu ഉം വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും. |
| (സി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്ക് ഇതുവരെ 37.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

(.....2)

ഇ.എം.സി.യുടെ കീഴിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്നവയായതിനാൽ സർക്കാർ തുകയൊന്നും വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ